**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1057 — 02.12.2015 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുക വഴി ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായായിരുന്നു; നിക്ഷേപ-പ്രയോജനം വിശദമാക്കാമോ; | ബി) | കേരളത്തിനെ അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രമാക്കുക, ഓണം കഴിഞ്ഞാൽ മറ്റൊരു വ്യാപാരകാലം സൃഷ്ടിക്കുക. കേരളത്തിലെ ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്നിവയാണ് ഫെസ്റ്റിവലിന്റെ പ്രഖ്യാപിത ലക്ഷ്യം.<br>നിക്ഷേപ-പ്രയോജനം:-<br>കേരളത്തിന്റെ വ്യാപാര മേഖലയിൽ ഒരു രണ്ടാം വ്യാപാരകാലം സൃഷ്ടിക്കുന്നതിന് ജി.കെ.എസ്.എഫിന് കഴിഞ്ഞിട്ടുണ്ട്. അതേ പോലെ കേരളത്തിലെ ഉൽപന്നങ്ങൾക്ക് പ്രത്യേകിച്ചും കരകൗശ മേഖലയിൽ ഒരു പുത്തൻ ഉണർവുണ്ടാക്കാനും വിപണി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. |
| സി) | ലക്ഷ്യം കൈവരിക്കുന്നതിനായി, ജി. കെ. എസ്. എഫിന്റെ പ്രവർത്തനത്തിൽ ഏതെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്; വിശദമാക്കാമോ; | സി) | കേരളത്തിന് പുറത്തും, വിദേശത്തും കൂടുതൽ പ്രചരണം നൽകി സംസ്ഥാനത്തിന് പുറത്ത് നിന്നും ഉപഭോക്താക്കളെ ആകർഷിക്കേണ്ടതുണ്ട്. കൂടാതെ വിനോദസഞ്ചാരികൾക്ക് അവരുടെ അഭിരുചിയ്ക്ക് അനുസരിച്ചുള്ള കേരള ഉൽപ്പന്നങ്ങൾ ലഭ്യമാക്കണം. വ്യാപാരസ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തവും അന്തർദേശീയ ബ്രാൻഡുകളുടെ പിൻതുണയും ഉണ്ടാക്കണം. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ വിവിധ മേഖലകളുടെ ഏകോപനവും ആവശ്യമാണ് അതനുസരിച്ച് ജി.കെ.എസ്.എഫിന്റെ പ്രവർത്തനം ശക്തിപ്പെടും. |

സെക്ഷൻ ഓഫീസർ